"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വിനോദസഞ്ചാര വകുപ്പ്- മുസിരിസ് പ്രൊജക്ട്സ് ലിമിറ്റഡിന്റെ പി.എസ്.റ്റി.എസ്.ബി അക്കൗണ്ടിൽ നിന്നും സർക്കാർ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരികെ എടുത്ത തുക റീ അലോക്കേഷൻ ചെയ്ത് നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വിനോദസഞ്ചാര (സി) വകുപ്പ്**

സ.ഉ.(സാധാ) നം.129/2025/TSM തീയതി,തിരുവനന്തപുരം, 28-02-2025

---

പരാമർശം:-

1. സ.ഉ (സാധാ) നം.336/2023/ടൂറിസം തീയതി 09-07-2023.
2. സർക്കുലർ നം.22/2024/ധന തീയതി 03-04-2024.
3. വിനോദസഞ്ചാര വകുപ്പ് ഡയറക്ടറുടെ 12-07-2024 എന്നീ തീയതിയിലെ DOT/10645/2023-P2 നമ്പർ കത്ത്.
4. സ.ഉ (അച്ചടി) നം.76/2024/ധന തീയതി 31-08-2024.
5. വിനോദസഞ്ചാര വകുപ്പ് ഡയറക്ടറുടെ 21-02-2025 തീയതിയിലെ DOT/10645/2023-P2 നമ്പർ കത്ത്.

**ഉത്തരവ്**

Maintenance of Muziris Heritage Projects Ltd. 2023-24" എന്ന പ്രവൃത്തിയ്ക്കായി പരാമർശം (1) പ്രകാരം ഭരണാനുമതി നൽകിയിരുന്ന ₹ 9,85,63,068/- രൂപയിൽ സീലിംഗ് പരിധി മൂലം 4 കോടി രൂപ മാത്രമാണ് മുസിരിസ്ഹെറിറ്റേജ് മുസിരിസ് പ്രോജക്റ്റ് ലിമിറ്റഡിന്റെ പി.എസ്.റ്റി.എസ്.ബി അക്കൗണ്ടിൽ നിക്ഷേപിച്ചിരുന്നതെന്നും, ടി തുകയിൽ നിന്നും ₹18,13,344/- രൂപ 30.03.2024 തീയതിയിൽ സർക്കാർ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരികെ എടുത്തിരുന്നുവെന്നും ആയത് അടിയന്തരമായി മുസിരിസ് പ്രൊജക്ട്സ് ലിമിറ്റഡിന്റെ പി.എസ്.റ്റി.എസ്.ബി അക്കൗണ്ടിലേക്ക് റീ അലോക്കേഷൻ ചെയ്ത് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും പരാമർശം (3) പ്രകാരം വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

(2). കൂടാതെ, 5452-01-800-94-Muziris Heritage and Spice route Project(Plan) എന്ന ശീർഷകത്തിൽ നിലവിൽ 16,20,815/- (പതിനാറ് ലക്ഷത്തി ഇരുപതിനായിരത്തി എണ്ണൂറ്റി പതിനഞ്ച് രൂപ മാത്രം ) രൂപ മാത്രമാണ് ബാക്കിയുള്ളതെന്നും, ടി

തുക മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കാൻ നിലവിൽ നിർവ്വാഹമില്ലായെന്നും, ആയതിനാൽ ടി തുക നടപ്പ് സാമ്പത്തിക വർഷത്തിൽ റിലീസ് ചെയ്ത് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും പരാമർശം (5) പ്രകാരം വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

(3). സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, Maintenance of Muziris Heritage Projects Ltd. 2023-24" എന്ന പ്രവൃത്തിയ്ക്കായി 5452-01-800-94-Muziris Heritage and Spice route Project(Plan) എന്ന ശീർഷകത്തിൽ ഭരണാനുമതി നൽകിയ തുകയിൽ നിന്നും 30.03.2024 തീയതിയിൽ സർക്കാർ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരികെ എടുത്ത ₹18,13,344/- രൂപയ്ക്ക് ആനുപാതികമായി ടി ശീർഷകത്തിൽ നിലവിലുള്ള ₹16,20,815/- (പതിനാറ് ലക്ഷത്തി ഇരുപതിനായിരത്തി എണ്ണൂറ്റി പതിനഞ്ച് രൂപ മാത്രം) രൂപ മുസിരിസ് ഹെറിറ്റേജ് പ്രോജക്ട്സ് ലിമിറ്റഡിന്റെ പി.എസ്.റ്റി.എസ്.ബി അക്കൗണ്ടിലേക്ക് റീ അലോക്കേഷൻ ചെയ്ത് നൽകുന്നതിന് വിനോദസഞ്ചാര വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡി.ജഗദീഷ്
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, വിനോദസഞ്ചാര വകുപ്പ്, പാർക്ക് വ്യൂ, തിരുവനന്തപുരം.
മാനേജിംഗ് ഡയറക്ടർ, മുസിരിസ് ഹെറിറ്റേജ് പ്രോജക്ട്സ് ലിമിറ്റഡ്, പുല്ലൂറ്റ് പി.ഒ., കൊടുങ്ങല്ലൂർ, തൃശ്ശൂർ -680663.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് I & II ), കേരള, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, സബ് ട്രഷറി, വെള്ളയമ്പലം, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (ഫയൽ നം.2871668/പിയു-സി3/110/2024-ധന)
വിവര പൊതുജന സമ്പർക്ക (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി (ടൂർ-സി2/190/2024-ടൂർ)

ഉത്തരവിൻ പ്രകാരം

Signed by
Moly Vijaya C S
Date: 28-02-2025 14:52:50

സെക്ഷൻ ഓഫീസർ

പകർപ്പ് : മുഖ്യ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
വിനോദസഞ്ചാര വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
വിനോദസഞ്ചാര വകുപ്പ് സെക്രട്ടറിയുടെ പി.എ.
വിനോദസഞ്ചാര വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ.